# KERALA LIVESTOCK INSPECTORS' ASSOCIATION

Highly esteemed platform for veterinarians and paraveterinarians in India and promoting cooperation among them

KLIA is the first Service Organisation in Kerala. Reg. 39/59

AS A SERVICE ORGANISATION, KLIA ESTABLISHED IN 1959 WITH A PRIMARY OBJECTIVE TO PRESENT VARIOUS DEMANDS BEFORE GOVERNMENT WITH THE COLLECTIVE EFFORT AND STRENGHT AND PLAYS KEY ROLE TO IMPLEMENT VARIOUS PROGRAMMES OF ANIMAL HUSBANDRY DEPARTMENT



## പ്രാഥമിക ചികിൽസ
The First Aids

### പശുവിനെ വളർത്തുമ്പോൾ ശ്രദ്ധിക്കേണ്ടവ

- പശുവിനെ വൈകുന്നേരം ഇളവെയിൽ കായാൻ വിടുന്നത് നല്ലതാണ്.
- നല്ല പരിചരണം ലഭിച്ചിട്ടുള്ള കിടാക്കളെ 15/18 മാസത്തിനുള്ളിൽ ഇണ ചേർക്കാവുന്നതാണ്.
- ആദ്യത്തെ മദിയിൽ കിടാരികളെ കുത്തിവെയ്പ്പിക്കേണ്ടതില്ല.രണ്ടാമത്തെയോ മൂന്നാമത്തെയോ മദിയിൽ കുത്തിവെയ്ക്കാം
- സാധാരണ മദി 1 ദിവസം നീണ്ടു നിൽക്കും.മദിയുടെ രണ്ടാം പകുതിയിൽ വേണം കുത്തിവെയ്ക്കാൻ.
- മദി നീണ്ടു നിൽക്കുന്നുവെങ്കിൽ തുടർച്ചയായ ദിവസങ്ങളിൽ ആവർത്തിച്ച് കുത്തിവെയ്ക്കേണ്ടി വരും. ചിലപ്പോൾ മറ്റ് മരുന്നുകളും വേണ്ടിവരാം.
- മദി തീർന്ന് 12 മണിക്കൂറിനുശേഷമാണ് അണ്ഠോൽസർജനം നടക്കുക. അണ്ഠത്തിന്റെ ആയുസ് 24 മണിക്കൂറാണ്. ബീജാണുവിന്റെ ആയുസ് 18/20 മണിക്കൂറാണ്.
- കുത്തിവെച്ച് 6 മണിക്കൂറിനുശേഷമേ ബീജാണു പൂർണ്ണമായും പ്രവർത്തനക്ഷമാകുകയുള്ളു.
- കുത്തിവെച്ച ഉടനെ ഈറ്റത്തിന്റെ അടിഭാഗത്ത് ചൊറിയുന്നതും, പശുവിനെ കറക്കുന്നതും നല്ലതാണ്.
- പശുവിനെ കുത്തി വെയ്ക്കുന്നതിനു മുമ്പും ശേഷവും വെയിൽ കൊള്ളിക്കുക ആയാസപ്പെടുത്തുക എന്നിവ നല്ലതല്ല.
- കുത്തിവെച്ചാൽ ഉടനെ തീറ്റ കൊടുക്കാം
- കുത്തിവെച്ച ഉടനെ ദേഹത്ത് തണുത്ത വെള്ളം ഒഴിക്കുന്നതും കഴുകുന്നതും നല്ലതാണ്.
- കുത്തിവെച്ച് ഉടനെ മുതുകിൽ ചെറുതായി തട്ടുന്നത് നല്ലതാണ്.
- മദിയുടെ അവസാനം രക്തം കലർന്ന് മാച്ച് പോകുന്നുവെങ്കിൽ ആ വിവരം ഇൻസെമിനേഷൻ നടത്തിയ വിദഗ്ദനെ അറിയിക്കണം.

### വേലൽ കാലത്ത് കറവ പശുക്കളിൽ കാണുന്ന ക്ഷീണവും ഉദ്പ്പാദന കുറവും നിയന്ത്രിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

- 1. വേണ്ടത്ര വെള്ളം കുടിക്കാൻ കൊടുക്കുക
- 2. ദിവസം 10 ഗ്രാം അപ്പക്കാരം വെള്ളത്തിൽ കൊടുക്കുക
- 3. രാവിലെയും വൈകുന്നേരവും ആവശ്യത്തിന് പുല്ല് / വൈക്കോൽ കൊടുക്കുക
- 4. ഉച്ച സമയത്ത് കാലിതീറ്റ / ഖരാഹാരം കൊടുക്കരുത്
- 5. തൊഴുത്തിൽ ഫാൻ സൈകര്യം ഏർപ്പെടുത്തുക
- 6. തൊഴുത്തിന്റെ പരിസരത്ത് തണൽ മരം അഭികാമ്യം
- 7. തൊഴുത്തിൽ നല്ല വായു സഞ്ചാരം ഉറപ്പുവരുത്തുക
- 8. ഏത് സമയത്തും തൊഴുത്തിൽ വെള്ളം ലഭ്യമാക്കുക

## ഗർഭ പരിരക്ഷ

- ബീജാധാനം നടത്തി 60 ദിവസം കഴിഞ്ഞാൽ ഗർഭ പരിശോധന നടത്തുക.
- ഏഴാം മാസം കറവപശുക്കളുടെ കറവ പൂർണ്ണമായും വറ്റിക്കണം.6മാസം മുതൽ അതിനുള്ള നടപടികൾ തുടങ്ങുക.
- ധാതു ലവണമിശ്രിതങ്ങൾ 7 മാസം ഗർഭം വരെ പശുക്കൾക്ക് നൽകാവുന്നതാണ്.
- 8,9 മാസങ്ങളിൽ കാത്സ്യം നല്കേണ്ടതില്ല.
- കൂടുതൽ കറവയുള്ള പശുക്കൾക്ക് കാത്സ്യം ഇൻജക്ഷൻ ആവശ്യമായി വന്നേക്കാം
- കാത്സ്യം കുറഞ്ഞാൽ ചാണകം കട്ടിയായി ഉറച്ച് പോകും
- മലബന്ധം,മൂത്രം പോകാതിരികുക
- അയവെട്ടാതിരിക്കുക
- വൈക്കോൽ ചവയ്ക്കാൻ മടിക്കുക
- കൈകാലുകൾക്ക് ബലക്ഷയം
- കിടപ്പിലാവുക എന്നിവയാണ് ലക്ഷണങ്ങൾ.
- പ്രസവത്തോടടുത്ത് നീർമടിയും അകിടുവീക്കം തമ്മിൽ തിരിച്ചറിയണം.
- പാൽ, വെള്ളം പോലെയാണെങ്കിൽ വിദഗ്ദചികിത്സ വേണ്ടി വരും.

## പ്രസവം

- പ്രസവത്തിനുമുമ്പ് മുന്നീർ കുടംപൊട്ടി ഫ്ലൂയിഡ് വന്നാൽ 2 മണിക്കൂറിനുള്ളിൽ പ്രസവം നടക്കണം.അല്ലാത്തപക്ഷം വിദഗ്ദ്ധസഹായം തേടുക.(Dystocia)
- പ്രസവിക്കുന്നതിനുള്ള വിഷമങ്ങൾ കാണിക്കുകയും ഫ്ലൂയിഡ് വരാതിരിക്കുകയും ചെയ്താൽ വിദഗ്ദ്ധപരിശോധന വേണം (Torsion)
- കുട്ടിയുടെ കൈകൾ പുറത്തുവരികയും തല പുറത്തുകാണിക്കാതിരിക്കുകയും ചെയ്യുമ്പോൾ കൈയ്യിൽ പിടിച്ച് വലിക്കരുത് (Head deviation) അങ്ങനെ ചെയ്താൽ സാധാരണ പ്രസവം പോലും വിഷമ പ്രസവമായി മാറും എന്നത് പ്രത്യേകം ശ്രദ്ധിക്കുക. ഒരു വിദഗ്ദന്റെ സഹായം തേടുക.
- പ്രസവിച്ച ഉടനെ കന്നുകുട്ടിയുടെ പിൻകാലുകളിൽ പിടിച്ചുയർത്തി ചെറുതായി ആട്ടുക.
- മൂക്കിൽ ഫ്ലൂയിഡ് അഥവാ ഞോള ഉണ്ടെങ്കിൽ അത് ഊതിക്കളയുക.

- പൊക്കിൾ കൊടി 5 സെന്റീമീറ്റർ വിട്ട് 2 ഇഞ്ച് അകലത്തിൽ സിൽക്ക് കൊണ്ട് കെട്ടിയിട്ട് മുറിച്ച് കളഞ്ഞ് റ്റിഞ്ചർ അയഡിൻ പുരട്ടണം.
- പൊക്കിൾ കൊടി പൊഴിഞ്ഞുപോകുന്നതുവരെ ടിഞ്ചർ അയഡിൻ ഇടക്കിടെ പുരട്ടണം
- Mag Sulf /ഉപ്പുവെള്ളം കൊണ്ട് പശുവിന്റെ ഈറ്റം കഴുകി വൃത്തിയാക്കുക.

## കറവ സമയത്ത് നൽകേണ്ട ശ്രദ്ധ

- കറവക്ക് മുമ്പ് പശുവനെ കുളിപ്പിക്കണം.കുളിപ്പിക്കുന്നതിന് സോപ്പ് ഉപയോഗിക്കരുത്.പശുവിനെ കറക്കുന്നതിന് മുമ്പ് കറവക്കാരൻ കൈ വൃത്തിയായി കഴുകണം.
- കറവ കൃത്യസമയത്തും കൃത്യമായ സ്ഥലത്തും കഴിയുമെങ്കിൽ സ്ഥിരം ഒരാളും ആയിരിക്കണം ചെയ്യേണ്ടത്.
- ആദ്യത്തെ 2/3 വലി പാൽ കറുത്ത കടലാസിലോ തുണിയിലൊ ഒഴിച്ചുനോക്കിയാൽ പാലിൽ തരിയുണ്ടെങ്കിൽ എളുപ്പം തിരിച്ചറിയാം. കറവക്ക് മുമ്പ് 1 ശതമാനം പൊട്ടാസിയം പെർമാംഗനേറ്റ് ലായനിയിൽ അകിട് കഴുകുക.
- കറവ കഴിഞ്ഞ് കിടാവ് കുടിച്ച് കഴിഞ്ഞ ശേഷം പൊവിഡോൺ അയഡിനിൽ പശുവിന്റെ മുലക്കാമ്പ് മുക്കുക .
- കറവ സമയത്തോ കറവക്ക് ശേഷമോ ഖര ആഹാരം നല്കാം.
- കറവ കഴിഞ്ഞ് ഉടനെ പുല്ല്/വൈക്കോൽ നല്കുക.
- ഒരു ദിവസത്തേക്കുള്ള തീറ്റയാണ് റേഷൻ.റേഷന്റെ മുന്തിയ പങ്ക് വൈകുന്നേരവും ചെറിയ പങ്ക് രാവിലെയും നല്കുക.
- ചൂടുള്ള ദിവസങ്ങളിൽ ധാരാളം വെള്ളം (50 ലിറ്റർ) എപ്പോഴും കുടിക്കാൻ നല്കണം.
- കറുത്തതും കടുത്ത നിറമുള്ളതുമായ പശുക്കളെ കൂടുതൽ നേരം വെയിലത്ത് കെട്ടരുത്.
- അകിടിനേൽക്കുന്ന ചെറിയ ക്ഷതങ്ങൾ ഉടനെ ചികിത്സിക്കുക. ബോറിക് ആസിഡ്/ പൊവിഡോൺ അയഡിൻ ഇവ പുരട്ടുക/ മഗ്നീഷ്യം സൾഫേറ്റ് ഗ്ലിസറിൻ പേസ്റ്റ് ഉപയോഗിക്കുക.

## പശുവിന്റെ തീറ്റ ക്രമം

- പശു അതിന്റെ ശരീരഭാരത്തിന്റെ 3/4 ശതമാനം ഖരപദാർത്ഥ തീറ്റയെ കഴിക്കുകയുള്ളൂ.
- തീറ്റയുടെ 2/3 ഭാഗം റഫേജും 1/3 സാന്ദ്രീകൃത തീറ്റയുമായിരിക്കണം.30കി.ഗ്രാം മുകളിൽ പാലുൽപ്പാദനമുള്ളതിന് ഇത് 40:60 എന്ന തോതിൽ നല്കണം.
- റഫേജിന്റെ 1/3 ഭാഗമെങ്കിലും പച്ച പുല്ല് ആയിരിക്കണം.
- 1.കി.ഗ്രാം പാലിന് 400 ഗ്രാം പെല്ലറ്റ് നല്കണം.
- 1.കി.ഗ്രാം പെല്ലറ്റ് 20 കി.ഗ്രാം പച്ച പുല്ലിന് തുല്യമാണ്
- ശരീര പോഷണത്തിന് ഒന്നര കി.ഗ്രാം പെല്ലറ്റ് നല്കണം.
- പ്രസവ റേഷനായി 6 മാസം ഗർഭ കാലം മുതൽ 1 കി.ഗ്രാം പെല്ലറ്റ് നല്കണം.
- റേഷനിൽ മാറ്റം വരുമ്പോൾ 3 ആഴ്ചകൊണ്ട് ക്രമമായി വേണം നടത്താൻ.

## തൊഴുത്ത് പരിചരണം

- തൊഴുത്തിനകത്ത് രാവിലെയും വൈകിട്ടും വെയിലടിക്കുന്ന വിധത്തിൽ തൊഴുത്ത് സംവിധാനം ചെയ്യണം.
- ആര്യവേപ്പ് പോലുള്ള തണൽ വൃക്ഷങ്ങൾ തൊഴുത്തിനടുത്ത് നടുക.

- തൊഴുത്തിന്റെ മേൽക്കൂര കഴിയുന്നത്ര ഉയരത്തിലാക്കുക.
- തൊഴുത്തിന് വശങ്ങളിൽ ഭിത്തി ആവശ്യമില്ല.
- ഫാൻ ഇടുന്നത് നല്ലതാണ്.
- പുൽതൊട്ടി പശുവിന്റെ കൈമുട്ടുമായി ഉരസാത്ത വിധത്തിൽ ക്രമീകരിക്കണം.

എച്ച്.എഫ് പശുക്കൾക്ക് തറയിൽ റബർ ഷീറ്റ് വിരിച്ച് കൊടുക്കുന്നത് നല്ലതാണ്.

## കന്നുകുട്ടി പരിപാലനം

- പ്രസവിച്ച് അര മണിക്കൂറിനുള്ളിൽ കിടാവിന് കന്നിപ്പാൽ നല്കണം.
- ആദ്യ ദിവസം പല പ്രാവശ്യമായി കന്നിപ്പാൽ ഏകദേശം 3 ലിറ്റർ നൽകണം
- കൂടുതലുള്ള കന്നിപ്പാൽ കറന്ന് മറ്റ് കിടാക്കൾ,വളർച്ചമുരടിച്ച കിടാരികൾ,പശുവിന് തന്നയോ നൽകാം.
- കാത്സ്യം കുറഞ്ഞ് വീണിട്ടുള്ള പശുവാണെങ്കിൽ കാൽസ്യം നൽകേണ്ടതാണ്.
- കിടാവിന് ആദ്യ വിര മരുന്ന് പത്താം ദിവസം നൽകുക.
- രണ്ടാമത്തെ ഡോസ് ഇരുപത്തിയഞ്ചാം ദിവസം നൽകാം.

കിടാവിന് ആവശ്യത്തിന് പാൽ കിട്ടുന്നില്ലെങ്കിൽ മറ്റു പശുവിന്റെ പാൽ തിളപ്പിച്ച് ചെറുചൂടോടെ അണുവിമുക്തമാക്കിയ പാത്രത്തിൽ കോഴി/താറാവ് മുട്ട,മീനെണ്ണ,ബി കോംപ്ലക്സ് വിറ്റാമിനുകൾ എന്നിവ ചേർത്ത് നൽകണം.

- ആദ്യമാസം ശരീര തൂക്കത്തിന്റെ പത്തിലൊന്ന് പാൽ ദിനം പ്രതി നൽകണം.
- രണ്ടാം മാസം മുതൽ പാൽ അളവ് കുറച്ച് മറ്റ് തീറ്റകൾ ശീലിപ്പിക്കാം.
- സാന്ദ്രീകൃത തീറ്റ/പെല്ലറ്റ് നാലാം മാസം, ദിനം പ്രതി 1 ഗഴ വീതം നൽകണം.അഞ്ചാം മാസം ഒന്നര ഗഴ എന്ന തോതിലും ആറാം മാസം 2 ഗഴ എന്ന തോതിലും ഏഴാം മാസം മുതൽ രണ്ടര ഗഴ എന്ന തോതിലും നൽകണം. നാലാം മാസത്തിനുശേഷം ധാരാളം പച്ചപുല്ല് നൽകണം.
- മൂന്ന് മാസത്തിന് ശേഷമെ പെരുമ്പണ്ടം പൂർണ്ണവളർച്ചയിലാവുകയുള്ളു.
- വർഷത്തിൽ 2 പ്രവശ്യമെങ്കിലും ചാണകം പരിശോധിച്ച് ആവശ്യമെങ്കിൽ മാത്രം വിരമരുന്ന് നൽകുക
- 6 മാസത്തിനുള്ളിൽ കുളമ്പ് രോഗത്തിനുള്ള വാക്സിൻ നൽകുക.
- രക്തകുറവ് ഉണ്ടെങ്കിൽ കൺപോള റോസ് നിറത്തിനുപകരം വെളുത്ത് കണാം.ഉടൻ രക്തം ഉണ്ടാകുന്നതിനുള്ള ടോണിക്കുകൾ നല്കുക.
- പേൻ,ചെള്ള് എന്നിവയ്ക്കുള്ള മരുന്ന് മാസത്തിലൊരിക്കലെങ്കിലും പുരട്ടുക.
- വിരമരുന്ന് കൊടുക്കുന്നതിന് ഒരാഴ്ച മുമ്പ് മിനറൽ മിക്സ്ചർ നല്കുക.വിരമരുന്ന് ഭാഗിച്ച് രണ്ടു തവണയായി നല്കുക. വിരമരുന്ന് നല്കിയതിന്ശേഷം ലിവർടോണിക്,രക്തം ഉണ്ടാകാനുള്ള മരുന്ന് ഇവ നല്കുക.

## പശു വളർത്തലിൽ ശ്രദ്ധിക്കേണ്ട മറ്റു കാര്യം

- 20/25 ലിറ്റർ കറവയുള്ള പശുക്കളുടെ മൂരികിടാക്കളുണ്ടായാൽ മൃഗാശുപത്രിയിൽ അറിയിക്കുക.
- പാൽ പൂർണ്ണമായും കറന്നെടുത്തില്ലെങ്കിൽ അകിട് വീക്കം വരും.
- കന്നി കിടാക്കൾ ഗർഭിണിയായിരിക്കുമ്പോൾ അകിട് നല്ലതുപോലെ തടവി കഴുകണം.
- ചവിട്ടും തൊഴിയും നിയന്ത്രിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുക.

- പ്രസവം അടുക്കുമ്പോൾ തീറ്റ കുറക്കരുത്.പ്രസവിച്ച ഉടനെ കൊടുത്തുകൊണ്ടിരിക്കുന്ന തീറ്റതന്നെ നല്കുക.
- കറവയുടെ സമയത്തും തൊട്ടുമുമ്പും കടുത്ത ഗന്ധമുള്ള തീറ്റകൾ നല്കരുത്.
- ഗർഭപാത്രം തള്ളിവരുന്ന പശുക്കളെ പിൻകാൽ വശം ഉയർത്തി നിർത്തുക.തീറ്റ പലപ്രാവശ്യമായി നല്കുക
- വട്ടകയർ,മൂക്കുകയർ.ഇവ ആവശ്യത്തിനുമാത്രം മുറുക്കമുള്ളതായിരിക്കണം.
- കാലിന് ബലക്കുറവുള്ള പശുവിനെ മണ്ണിൽ നിറുത്തുന്നതാണ് കൂടുതൽ നല്ലത്.
- വേനൽക്കാലത്ത് പ്രസവിക്കുന്ന പശുക്കൾക്ക് ഗർഭക്കാലത്ത് മീനെണ്ണ നല്കണം അല്ലെങ്കിൽ വൈറ്റമിൻ എ കുത്തി വയ്പെടുക്കണം.

## പൊതു ഉപദേശം

- ഉരുക്കളെ ഇൻഷുർ ചെയ്യുന്നതിന് വെറ്ററിനറി ഡോക്ടറെ കൊണ്ട് വെറ്ററിനറി സർട്ടിഫിക്കറ്റ് എഴുതിച്ച് പ്രീമിയം തുക ഇൻഷുറൻസ് കമ്പനിയിൽ അടക്കണം.
- ഇൻഷൂറൻസ് ലാഭത്തിനുള്ളതല്ല നഷ്ടം ഒഴിവാക്കുന്നതിനുള്ളതാണ്.
- ഒരു വർഷത്തേക്ക് പ്രീമിയം 4%, 3വർഷത്തേക്ക് 7%.
- പാലിന്റെ അളവ് കുറയുമ്പോൾ റീയേജന്റ് ഉപയോഗിച്ച് അകിട് വീക്കം ആണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- തൊഴുത്തിന്റെ തറ മൺനിരപ്പിൽ നിന്ന് 1 അടിയെങ്കിലും ഉയരത്തിലായിരിക്കണം.
- ചാണകക്കുഴി വശങ്ങൾ തറനിരപ്പിൽനിന്ന് 2 അടി ഉയരത്തിൽ കെട്ടിസൂക്ഷിക്കണം. കിടാവ് ചാണക കുഴിയിൽ വീഴാതെ നോക്കണം.
- പാൽ ചുരന്നു പോകുന്ന പശുക്കൾക്ക് കറവ മൂന്നു നേരമാക്കുക. കാത്സ്യം ടോണിക്ക് കൊടുക്കുക.
- ആന്റി ബയോട്ടിക്കുകൾ പോലുള്ള മരുന്നുകൾ ഡോക്ടർ നിർദേശിക്കുന്നത്രയും ദിവസങ്ങളിൽ നല്കണം ഇടക്ക് വെച്ച് നിർത്തരുത്.
- മരുന്നുകൾ നൽകുമ്പോൾ പാൽ,മാംസം എന്നിവ ഉപയോഗിക്കാൻ അനുവദിച്ചിട്ടില്ലാത്തത്രയും ദിവസങ്ങളിൽ ഉപയോഗിക്കരുത്.
- പ്രസവിച്ച് മൂന്നു മാസത്തിനുള്ളിൽ പശുവിനെ കുത്തിവെയ്പ്പികണം. മദിലക്ഷണം കാണിച്ചില്ലെങ്കിൽ ചികിൽസ ആവശ്യമാണ്.
- നായ, പൂച്ച എന്നിവയുടെ കടിയേറ്റാൽ 15 മിനുട്ട് നേരം ടാപ്പിൽ നിന്നും നേരിട്ട് വെള്ളവും സോപ്പും ഉപയോഗിച്ച് മുറിവ് കഴുകുക. പിന്നീട് അയഡിൻ പുരുട്ടുക.ആവശ്യമെങ്കിൽ വാക്സിനേഷന് വിധേയമാക്കുക.
- കുളമ്പ് രോഗം വന്നാൽ മൃഗാശുപത്രിയിൽ വിവരം അറിയിക്കണം.പശുവിനെ പുറത്ത് മേയാൻ വിടരുത് .മറ്റ് മൃഗങ്ങളുമായുള്ള സമ്പർക്കം പരമാവധി ഒഴിവാക്കുക.
- കാരം/കുമ്മായം ഇവ ഉപയോഗിച്ച് തൊഴുത്ത് കഴുകുക.
- പുൽകൃഷിക്ക് ലഭ്യമായതിൽ ഏറ്റവും നല്ല ഇനം പുല്ലാണ് ഹൈബ്രിഡ് നേപ്പിയർ സിഒ3.
- ചതുരശ്രമീറ്റർ സ്ഥലത്ത് 1 തണ്ട് നടാം .ഒരു തണ്ടിന് അരപാട്ട ചാണകം വീതം ഓരോ വിളവെടുപ്പിന് ശേഷവും ഇട്ട് കൊടുക്കണം. 10,15 ദിവസ ത്തിലൊരിക്കൽ നനക്കണം 30,40 ദിവസത്തിലൊരിക്കൽ 25,30 കി.ലോ പുല്ല് വീതം അരിഞ്ഞെടുക്കാം.
- നായ, പൂച്ച എന്നിവയുടെ കടിയേറ്റാൽ 15 മിനുട്ട് നേരം ടാപ്പിൽ നിന്നും നേരിട്ട് വെള്ളവും സോപ്പും ഉപയോഗിച്ച് മുറിവ് കഴുകുക. പിന്നീട് അയഡിൻ പുരുട്ടുക.ആവശ്യമെങ്കിൽ വാക്സിനേഷന് വിധേയമാക്കുക.

| ചില രോഗ ലക്ഷണങ്ങൾ |
|---|

## കുളമ്പ് രോഗം

- ലക്ഷണങ്ങൾ:

ഉയർന്ന പനി ,കാലുകൾക്കും കൈകൾക്കും വേദന,മോണ,നാക്ക്,വിരലിന്റെ/പേണിയുടെ ഇടയിൽ മുറിവ്,വായിൽ നിന്ന് പതഞ്ഞ് ഉമിനീര് ഒലിക്കുക എന്നിവ

- കുളമ്പ് രോഗ ചിൽസ:

പനിക്കുള്ള മരുന്ന്,മുറിവിൽ പുരട്ടാനുള്ള മരുന്ന് എന്നിവ നല്കുക.
പഴത്തിലേ തേനിലോ ബോറിക് ആസിഡ് കുഴച്ച് വായിൽ പുരട്ടുക
കാൽകഴുകുന്നതിന് പൊട്ടാസ്യം പെർമാഗനേറ്റ്/ഫോർമാലിൻ ഇവ ഉപയോഗിക്കുക.
തുരിശ് സൾഫാ നിലാമൈഡ്, യൂക്കാലി പാരഫിൻ ഇവകുഴച്ച് പുരട്ടുക.വായിലെ മുറിവിൽ പൊടിയുപ്പ് വിതറി കൊടുക്കുക
തൊഴുത്തിന് ചുറ്റും ചാക്ക്,ടാർപോളിൻ ഇവ കെട്ടി മറക്കുക.
കൈയിലും കാലിലും ഗ്ലൗസ്സ് ധരിച്ച് മാത്രം പശുവിനെ തൊടുക.
ഉപയോഗത്തിനുശേഷം ഗ്ലൗസ്സ് കത്തിച്ച് കളയുക
അസുഖമുള്ള പശുവിനെ ഏറ്റവും അവസാനം പരിചരിക്കുക.അതിനുശേഷം കുളിക്കുക.

## ആന്ത്രാക്സ്

- ചികിത്സിച്ച് ഭേദമാക്കാവുന്ന രോഗമാണ്. മനുഷ്യർക്ക് സാധാരണ ത്വക്കിലാണ് ആന്ത്രാക്സ് വരാറ്.അപൂർവ്വമായ വയറിളക്കം ,ന്യുമോണിയ എന്നിവയുണ്ടാകാം.

കന്നുകാലികളിൽ കറുത്ത കട്ടപിടിക്കാത്ത രക്തം നവദ്വാരങ്ങളിലൂടെ സ്രവിക്കുക.പെട്ടെന്ന് മരണമടയുക ഇവയാണ് ലക്ഷണങ്ങൾ.
രോദ ശവ ശരീരം തൊലി പൊളിക്കുകയൊ കീറിമുറിക്കുകയൊ ചെയ്യരുത്.
ആറടി താഴ്ചയിൽ കുമ്മായം മണ്ണെണ്ണ എന്നിവ ഒഴിച്ച് മറവ് ചെയ്യണം. വാക്സിൻ ലഭ്യമാണ്.

## കുരളടപ്പൻ

- ചികിത്സിച്ച് ഭേദമാക്കാവുന്ന രോഗമാണ്. താട,ആട എന്നിവിടങ്ങ ളിലെ നീർക്കെട്ട് ,ഉയർന്ന പനി,വയറിളക്കം ,ന്യുമോണിയ എന്നിവ ലക്ഷണങ്ങളാണ്.ഇതിന് വാക്സിൻ ലഭ്യമാണ്.

## അകിടുവീക്കം

- സബ് ക്ലിനിക്കിൽ അകിടുവീക്കം മാസ്റ്ററ്റിസ് കിറ്റുപയോഗിച്ച് കണ്ടുപിടിച്ച് ചികിൽസിക്കുക.

മറ്റ് അകിടുവീക്ക ലക്ഷണങ്ങൾ:
പാലിന് പതകുറയുക,തരി കാണുക,നിറംമാറ്റം കാണുക,രുചിവ്യത്യാസം തോന്നുക,അകിടിന് നീര്കാണുക, കാലിന് വേദന കാണിക്കുക ,എന്നിവ കണ്ടാൽ ഉടനെ തന്നെ ഔഷധ ചികിത്സ വേണം. വൈകുന്തോറും ചികിത്സയുടെ ഫലം കുറയുക.
5,10 മണിക്കുറുനുള്ളിൽ പാൽ വെള്ളമാകുകയും അകിട് കല്ലിച്ച് കാണുന്നതരം അകിടുവീക്കം ഉണ്ട്.അതിന് പെട്ടെന്ന് ചികിൽസ വേണം.
ആടിന്റെ അകിടിൽ ചെറിയ നീർക്കെട്ട് കാണുകയോ പാലിൽ വ്യത്യാസം കാണുകയോ ചെയ്താൽ ഡോക്ടറെ കൊണ്ട് എത്രയും പെട്ടെന്ന് ചികിത്സിപ്പിക്കണം.

## ടെറ്റനസ്

- ടെറ്റനസിന് ചിലവ് കുറഞ്ഞഫലപ്രദമായ ചികിൽസ നിലവിൽ ഇല്ല.

വരാതിരിക്കാൻ പ്രതിരോധ കുത്തിവെപ്പ് എടുത്താൽ മതി.
ഫാൻ ഇടുക, വശങ്ങളിൽ ഭിത്തി ഒഴിവാക്കുക,ഇടക്കിടെ 1/2 മണിക്കൂർ ഇടവിട്ട് വെള്ളം സ്പ്രേ ചെയ്യുക,വായിൽ നിന്ന് പത വരുന്നെങ്കിൽ ഉപ്പ് തീറ്റയിലോ വെള്ളത്തിലോ നല്കുക. പകൽ തണൽ മരങ്ങളുടെ ചുവട്ടിൽ കെട്ടുക. ധാരാളം വെള്ളം എപ്പോഴും കുടിക്കുന്നതിന് നല്കുക. തീറ്റ വെയിലില്ലാത്തപ്പോൾ നൽകുക.

## മിനറൽ ഡിഫിഷൻസി

- മിനറൽ ഡിഫിഷൻസി:

വെള്ളം കുടിക്കുന്നതിന് മടികാണിക്കുക ,ചാണകം ചെളി നിറത്തിലോ കറുത്ത നിറത്തിലോ പോവുക ,കരിയിലപോലുള്ളവ തിന്നുന്നതിന് പ്രത്യേക താല്പര്യം കാണിക്കുക എന്നിവ ചില ലക്ഷണങ്ങളാണ്.വിറ്റാമിനുകൾ നൽകുക,സോഡാപൊടി നല്കുക,മിനറൽ മിക്സചർ നൽകുക.

## ബബീസിയോസിസ് /മഞ്ഞപിത്തം

- ബബീസിയോസിസ് /മഞ്ഞപിത്തം:
പട്ടുണ്ണിയിൽ കൂടിയാണ് ഈ അസുഖം പകരുന്നത്.വളരെ ഉയർന്ന പനി, വയറിള ക്കം,കട്ടൻ കാപ്പിയുടെ നിറത്തിൽ മൂത്രം പോവുക എന്നിവയാണ് ലക്ഷണങ്ങൾ. എത്രയും പെട്ടെന്ന് വൈദ്യ സഹായം തേടുക.

## ആടുവസന്ത

- ആടുവസന്ത:മൂക്കിൽ നിന്ന് മഞ്ഞകലർന്ന കഫകെട്ട് ശ്വാസതടസ്സം,ന്യുമോണിയ,വയറിളക്കം,ഗർഭമലസൽ,ചുണ്ട്, നാവ് ,മോണ എന്നിവിടങ്ങളിൽ വ്രണങ്ങൾ വായിൽ നിന്ന് ദുർഗന്ധം,കണ്ണിൽ നിന്ന് പഴുപ്പ് മുതലായവയാണ് ലക്ഷണങ്ങൾ.

## ഗർഭ നാശം

- ഗർഭ നാശം/ Abortion: Physical reasons -
ഉയർന്ന ചൂട്,പനി,ഇടിവെട്ടുക,വീഴുക,ഓടിക്കുക,പടക്കത്തിൻറെ ഭയങ്കര ശബ്ദം എന്നിവ മൂലം ഗർഭം അലസിപോകാം.

- ചില പശുക്കളിൽ ഹോർമോൺ അപര്യാപ്തത മൂലം ഗർഭമലസാറുണ്ട് .അതിന് വിദ്ഗദ്ധ ചികിത്സ നൽകുക.

## നൈട്രേറ്റ് വിഷബാധ

- നൈട്രേറ്റ് വിഷബാധ
സാധാരണയായി ഈ വിഷബാധക്ക് കാരണം ചിലചെടികൾ,ആഴമുള്ള കിണറ്റിലെ നൈട്രേറ്റിന്റെ അളവ് കൂടുതലുള്ള വെള്ളം എന്നിവ കഴിക്കുന്നത് മൂലമാണ്. പ്രത്യേക ലക്ഷണങ്ങൾ കാണിക്കാതെ മൃഗങ്ങൾ ചത്തുപോകുന്നു.വിഷബാധയുടെ ലക്ഷണ ങ്ങളിൽ പ്രധാനം വായിൽ നിന്ന് വെള്ളമൊലിക്കൽ, വയറുവേദന,വയറിളക്കം,ശ്വാസ തടസ്സം,സന്നി മുതലായവയാണ്. കൂടുതൽ അന്നജ പ്രധമായ ആഹാരം , വൈക്കോൽ കൂടികലർത്തി പുല്ല് നൽകുക. ഉണക്കിന് ശേഷം ആദ്യമഴക്ക് കിളുർക്കുന്ന പുല്ല് നൽകാതിരിക്കുക,മൂടികെട്ടിയ അന്തരീക്ഷമുള്ളപ്പോൾ മേയാൻ വിടാതിരിക്കുക എന്നിവയാണ് നൈട്രേറ്റ് അംശം കൂടുതലുള്ള സ്ഥലങ്ങളിൽ ചെയ്യാവുന്ന പ്രതിരോധ നടപടികൾ.

## ക്ഷീര കർഷകർ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ

- രോഗാണുബാധ മൂലം ചിലരോഗങ്ങൾ വന്നാൽ ഗർഭമലസും. അങ്ങനെ സംശയം തോന്നുവെങ്കിൽ മൃഗത്തിൻറെ രക്തമെടുത്ത് ലാബിൽ പരിശോധനക്ക് അയക്കുക.

- അത്തരം രോഗങ്ങൾ കണ്ടുപിടിച്ച് ചികിത്സിച്ച് ഭേദമാക്കാം എന്ന് മാത്രമല്ല മനുഷ്യർക്ക് പകരാനുള്ള സാധ്യത ഒഴിവാക്കുകയും ചെയ്യാം.ഗർഭമലസിപ്പോയത് വെറും കൈകൊണ്ട് വേണ്ടത്ര മുൻകരുതലുകൾ സ്വീകരിക്കാതെ കൈകാര്യം ചെയ്യരുത്.കൈയ്യുറ ധരിച്ച് കൈകാര്യം ചെയ്യുക

- മറുപിള്ള,പ്രസവിച്ച് 12 മണിക്കൂറിന് ശേഷം (24 മണിക്കൂർ വരെ ആകാം) പോയില്ലെങ്കിൽ നീക്കം ചെയ്യുക.കൈയ്യുറ ധരിച്ച് കൈകാര്യം ചെയ്യുക

- മരുന്നുകൾ ഡോക്ടറുടെ നിർദ്ദേശാനുസരിച്ച് ഗുണനിലവാരമുള്ള കമ്പനികളുടെതു മാത്രം വാങ്ങുക.
ഗുണനിലവാരമില്ലാത്ത മരുന്നുകൾ ഗുണത്തേക്കാൾ ഏറെ ദോഷം ചെയ്യും

- പ്രസവത്തിന് മുമ്പുള്ള രണ്ടാഴ്ച അമോക്ലോർ,മാഗ്സൾഫ് എന്നിവ ഡോക്ടറുടെ നിർദ്ദേശാനുസരണം നല്കുക.

- പാലിന് കൊഴുപ്പ് കൂടുന്നതിന് കൂടുതൽ നാരുള്ള ഭക്ഷണം .(പുല്ല്,വൈക്കോൽ )നൽകുക.ചൊറുക്ക ഒരൗൺസ് വീതം നൽകുക.

## ചില നാടൻ/ശാസ്ത്രീയ പ്രാഥമിക ചികിൽസ

- കഞ്ഞി ചക്കപ്പഴം മുതലായവ കൊടുത്തുണ്ടാകുന്ന ദഹനക്കേടിന് സോഡാപ്പൊടി കൊടുക്കുക.

- പശു മറുപിള്ള/പ്ലാസന്റ തിന്നാൽ പപ്പായ/കപ്പങ്ങ വേവിച്ച് ഒരു പൈന്റ് ബ്രാണ്ടി/റം ചേർത്ത് കൊടുക്കുക. ദഹനക്കേട് വന്ന് കഴിഞ്ഞാൽ ചൊറുക്ക നൽകുക

- മുറിവേറ്റാൽ റ്റി. റ്റി. ഇൻജക്ഷൻ എടുക്കുക.

- കൊമ്പ് /കുളമ്പ് ഇളകി പോയാൽ (Avulsion) മുറിവ് നല്ലതുപോലെ കഴുകി അണുമുക്തമായ തുണിയിൽ റ്റിഞ്ചർ ബെൻസോയിൻ പുരട്ടി ചുറ്റികെട്ടുക.

- നായയുടെ കടിയേറ്റാൽ 15 മിനുറ്റ് സോപ്പ് ഉപയോഗിച്ച് മുറിവ് കഴുകുക.ആവശ്യമെങ്കിൽ വാക്സിനേഷൻ നൽകുക.

- റബർ പാൽ കുടിച്ചാൽ ,ആൽക്കലി /സോഡാ പൊടി കലക്കി കൊടുക്കുക.

## Other Guidelines

- പേവിഷബാധ ,നായകളിൽ നിന്നും പൂച്ചകളിൽ നിന്നുമാണ് പ്രധാനമായും പകരുന്നത് .മൂന്നാം മാസം ആദ്യ ഡോസ് ഒരു മാസത്തിനുശേഷം ബൂസ്റ്റർ പിന്നീട് വർഷം തോറും എന്നിങ്ങനെ പ്രതിരോഗ കുത്തിവയ്പ് വഴി രോഗം നിയന്ത്രിക്കാം.

- അസുഖമുള്ള മൃഗങ്ങളെ തിരിച്ചറിയുന്നതിന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ. മറ്റു മൃഗങ്ങളിൽ നിന്ന് മാറി നില്കുക,കിതപ്പനുഭവപ്പെടുക ,ചുമ,വിറയൽ,തീറ്റ എടു ക്കുന്നതിനുള്ള വ്യത്യാസങ്ങൾ ,വയറ്സ്തംഭനം അയവെട്ടുന്നുണ്ടോ ,കിടക്കുന്ന മൃഗത്തെ തട്ടിനോക്കിയിട്ടും എഴുന്നേൽക്കുന്നില്ലേ ,തലകുത്തനെ പിടിച്ച് നിൽക്കുക, കണ്ണുകൾക്ക് നിറം വ്യത്യാസം, കൃഷ്ണമണിക്ക് അസാധാരണ അനക്കം ,വായിൽ നിന്ന് ഉമിനീരോ പതയോ ഒലിക്കുക,താടിക്കടിയിൽ നീര്,കൈകാലുകൾ സാധാരണ പോലെ ചലിപ്പിക്കുന്നുണ്ടോ,മുടന്തുതോന്നുന്നുണ്ടോ,മുറിവോ, രോമംകൊഴിയുന്ന സ്ഥല മോ,മുഴകളോ കാണുന്നുണ്ടോ,രോമം എഴുന്നേറ്റ് നിൽക്കുന്നുണ്ടോ ,മൂത്രദ്വാരത്തിൽ നിന്നും അസാധാരണമായി എന്തെങ്കിലും ഒഴികി വരുന്നുണ്ടോ,വയറിളക്കമുണ്ടോ,ചാ ണകത്തിന് പ്രത്യേക നാറ്റമോ രക്തം കഫം,എന്നിവ കലർന്നതാണോ ,മൂത്രമെഴിക്കാ നും ചാണകമിടാനും പ്രയാസമുണ്ടോ മൂത്രത്തിന് നിറവ്യത്യാസമുണ്ടോ, പല്ല് ഇറ മുന്നുണ്ടോ /അരക്കുന്നുണ്ടോ കൂടെ കൂടെ കിടക്കുകയും എഴുന്നേൽക്കുകയും ചെയ്യുന്നുണ്ടോ , അകിടിന് നീര് വേദന ,പാലിന് നിറവ്യത്യാസം കൺപോളയിൽ നിറവ്യത്യാസം.ഒരാഴ്ചയായി കൊടുക്കുന്ന ഭക്ഷണം അളവ്,തരം,പൂപ്പൽ ഉണ്ടൊ മുതലായവ ശരീരത്തിന്റെ ഏതെങ്കിലും ഭാഗത്ത് നീരോ വ്രണങ്ങളോ ഉണ്ടോ.തൊഴു ത്തിനുള്ളിലെ താപനില.

- കിടാക്കളുടെ കൊമ്പുകരിച്ച് കളയുന്നത് എപ്പോഴും ഗുണകരമല്ല.കാരണം ശരീര താപ നില നിയന്ത്രിക്കുന്നതിന് അതിന് പങ്കുണ്ട.പ്രത്യേകിച്ചും എരുമകൾക്ക്

- ബയോഗ്യാസ് പ്ലാന്റ് ,1 പ്ലാന്റിൽ ദിവസം 25 കി.ഗ്രാം ചാണകം വേണം രണ്ടു പശു ക്കളെ വളർത്തിയാൽ തുടർച്ചയായി പ്രവർത്തിപ്പിക്കാം. കൂടുതൽ വിവരങ്ങൾ സബ്സിഡി എന്നിവ ഖാദി ഗ്രാമവ്യവസായ ഓഫീസിൽ നിന്ന് അറിയാം.

- പശുവിനെ വാങ്ങുന്നതിന് അറിയേണ്ട കാര്യങ്ങൾ

- മാസത്തിനകം ആദ്യപ്രസവം നടന്നതായിരിക്കണം രണ്ട് പ്രസവങ്ങൾ തമ്മിലുള്ള ഇടവേള 15 മാസത്തിൽ അധികമാകരുത് കഴിയുന്നതും 5 വയസ്സിനു താഴെയുള്ള പശുക്കളെ വേണം വാങ്ങാൻ ഗർഭപാത്രത്തിൽ നിന്ന് ദുർഗന്ധമുള്ള ദ്രാവകം വരുന്ന തിനെ വാങ്ങരുത്.

- അകിടുമുലക്കാമ്പ് മൃദുവായിരിക്കണം.തുടുത്ത പാൽ ഞരമ്പായിരിക്കണം.കറവക്ക് ശേഷം അകിട് ചുങ്ങണം.കറവ കൃത്യമായി രണ്ടുനേരം നിരീക്ഷിക്കണം.പാൽ ചുര

- വേനൽക്കാലത്ത് കൂടുതൽ പ്രോട്ടീൻ,വെള്ളം ഇവ നൽകണം. ഷെഡിനകത്ത് തെർമോ മീറ്റർ വക്കുക.

- പൂപ്പൽ വിഷബാധ ഒഴിവാക്കുന്നതിന് തീറ്റ 5-8 മണിക്കൂർ വെയിലത്തിട്ട് ഉണക്കിയതിന് ശേഷം മാത്രം നല്കുക.ലിവർ ടോണിക്കുകൾ നൽകുക.

- തിളക്കമുള്ള കണ്ണുകൾ നീളമുള്ള ഉടൽ വലിയ വയർ എന്നിവ നല്ല ലക്ഷണങ്ങളാണ്.നടക്കാൻ ബുദ്ധിമുട്ട്,പുഴുക്കടി,അകിട് വീക്കം,വ്രണങ്ങൾ,ശ്വാസതടസ്സം,തീറ്റക്കുറവ് എന്നിവ നല്ല ലക്ഷണങ്ങളല്ല.
നീളമുള്ള വാൽ,നല്ല ആകൃതിയുള്ള പിൻ കാലുകൾ,പിൻകാലു കൾക്കിടയിൽ ധാരാളം സ്ഥലം എന്നിവ നല്ല ലക്ഷണങ്ങളാണ.

- തൊഴുത്ത്:
ഓരോ പശുവിനും 1.7 മീ.നീളം,1.2 മീ.വീതി എന്ന തോതിൽ സ്ഥലം നല്കണം.തറ ഭൂമിയിൽ നിന്ന് 1 അടി ഉയരത്തിലായിരിക്കണം.തീറ്റതൊട്ടി 75 സെ.മീ വീതി 40 സെ.മീ ആഴത്തിൽ

നിർമ്മിക്കണം.മേൽക്കൂര മോന്തായം 3.5 മീ.ഉയരവും വശങ്ങളിൽ 2.1 മീ. ഉയരവും വേണം.തൊഴുത്തിൽ ഈച്ച ശല്യം കുറക്കാൻ 1 ലിറ്റർ സോപ്പുവെള്ളത്തിൽ 2സ്പൂൺ മണ്ണെണ്ണ ആഴ്ചയിലൊരിക്കൽ ഒഴിക്കുക.

## ആടിനുള്ള പ്രതിരോധ കുത്തിവയ്പുകൾ

- FMD 4th Months Repeat annualy
- RP 4th Months Repeat annualy
- Anthrax 4th Months Repeat annualy
- HS 4th Months Repeat annualy
- BQ 4th Months Repeat annualy
- CCPP 6th Months Repeat annualy
- Tetamus 1st week,pregnant doe 4th Months
- Enterotoxaemia 4th Months Repeat annualy
- Goat pox 6th month Repeat annualy
- PPR
- FMD 6m Interval
- HS April-May
- BQ Annual

- മേൽ വിവരിച്ച കാര്യങ്ങൾ ഡൌൺ ലോഡ് ചെയ്ത് സൂക്ഷിക്കാൻ ഇവിടെ ക്ലിക് ചെയ്യുക

Home BACK TOP

Copyright KLIA, Kerala, India